**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2356** **07-07-2022 - ൽ മറുപടിയ്ക്ക്**

**അയ്മനത്തെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അഞ്ച് കോടിയിലധികം രൂപ ചെലവാക്കി കോട്ടയം അയ്മനത്ത് നിർമ്മിച്ച ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | കണ്ടെത്തിയിട്ടുണ്ട്. 12/07/2019 ൽ കിഫ്ബി നടത്തിയ പരിശോധനയിൽ തന്നെ നിർമാണത്തിലെ ബാക്ക്ഫില്ലിങ്ങുമായി ബന്ധപ്പെട്ട ചില അപാകതകൾ ശ്രദ്ധയിൽ പെട്ടിരുന്നു. ഇതേത്തുടർന്ന് എസ്.പി.വി ആയ കിറ്റ്കോയ്ക്ക് ഒരു തേർഡ് പാർട്ടി ഏജൻസി വഴി കോംപാക്ഷൻ ഫാക്ടർ ടെസ്റ്റ് നടത്താൻ ഒബ്സെർവേഷൻ മെമ്മോ മുഖേന കിഫ്ബി നിർദേശം നൽകിയിരുന്നു. എസ്.പി.വി സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ ഈ മെമ്മോയിലെ കാര്യങ്ങൾ തീർപ്പാക്കിയിരുന്നു.<br><br>31/03/2021 ൽ കിഫ്ബിയുടെ ഇൻഡിപെന്റന്റ് ക്വാളിറ്റി ഓഡിറ്റ് ടീം ബാക്ക്ഫിൽ ചെയ്ത മണ്ണിൽ നടത്തിയ ഫീൽഡ് ഡെൻസിറ്റി ടെസ്റ്റുകളിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. ഈ റിപ്പോർട്ടുകൾ തുടർ നടപടികൾക്കായി എസ്.പി.വി യ്ക്ക് നൽകിയിട്ടുണ്ട്.<br><br>22/07/2021 ൽ കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനയിൽ കോൺക്രീറ്റ് തറയിൽ ഉയർച്ചതാഴ്ചകളും 10സെന്റി മീറ്ററോളം തറയുടെ താഴ്ചയും ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് ഒബ്സെർവേഷൻ മെമ്മോ നൽകിയിട്ടുണ്ട്. എസ്.പി.വി സമർപ്പിച്ച മറുപടിയിൽ ഇതു പരിഹരിക്കാൻ കൈക്കൊണ്ട നടപടികളൊന്നും പരാമർശിച്ചിരുന്നില്ല.<br><br>എസ്.പി.വി യിൽ നിന്നും തൃപ്തികരമായ മറുപടി ലഭിക്കാത്തതിനാൽ കിഫ്ബിയിൽ നിന്നും 18/03/2022 ൽ വീണ്ടും നടത്തിയ പരിശോധനയിൽ കൂടുതൽ ഗുരുതരമായ പ്രശ്നങ്ങളാണ് ശ്രദ്ധയിൽപ്പെട്ടത്. തറയുടെ പ്രശ്നങ്ങൾ എസ്.പി.വി |

| | | | |
|---|---|---|---|
| | | | നേരത്തെ കണ്ടെത്തിയിരുന്നുവെങ്കിലും അത് കിഫ്ബിയെ അറിയിച്ചിരുന്നില്ല. സാധാരണ നടത്തുന്ന അറ്റകുറ്റപ്പണികൾ കൊണ്ട് ഉദ്ദേശിച്ച ബലം ലഭിക്കാൻ സാധ്യത ഇല്ലാത്തതിനാൽ കരാറുകാരന്റെ ചിലവിൽ പൊളിച്ചുമാറ്റി പുതിയതായി പണിയണമെന്നും കിഫ്ബിയിൽ നിന്നും എസ്.പി.വി യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിൽ പ്രവൃത്തി അപാകതകൾ ഇല്ലാതെ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമേ തുടർന്നുള്ള ഫണ്ട് നൽകുകയുള്ളൂ. |
| (ബി) | പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തതല്ലാതെ സ്റ്റേഡിയം ഇതുവരെയും തുറന്ന് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിഫ്ബി ധനസഹായം നൽകി നടത്തുന്ന എല്ലാ പദ്ധതികളും നിർമ്മാണം പൂർത്തിയാകുമ്പോൾ എസ്.പി.വി അവ അതാതു ഭരണ വകുപ്പുകൾക്ക് കൈമാറുന്നതാണ്. ഗുണനിലവാരം ഉറപ്പാക്കുന്നതിന് എല്ലാ പദ്ധതികൾക്കും ഗുണനിലവാര പരിശോധനകൾക്കുള്ള സംവിധാനം എസ്.പി.വിയ്ക്ക് ഉണ്ടാകണം എന്ന് കിഫ്ബി നിർദേശിക്കുന്നുണ്ട്. അതനുസരിച്ച് എസ്.പി.വിയുടെ സൈറ്റിൽ ഉള്ള ക്വാളിറ്റി കൺട്രോൾ ടീം CPWD/ PWD/ IS Code/ Specification അനുസരിച്ചുള്ള എല്ലാ ടെസ്റ്റുകളും പരിശോധനകളും നടത്തേണ്ടതാണ്. കിഫ്ബിയുടെ പ്രൊജക്റ്റ് കംപ്ലീഷൻ പരിശോധനയിൽ ഗുണനിലവാര പ്രശ്നങ്ങൾ എല്ലാം പരിഹരിച്ചു എന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമാണ് എസ്പിവി സ്റ്റേഡിയം ഭരണ വകുപ്പിന് കൈമാറുന്നത്. |
| (സി) | സ്റ്റേഡിയത്തിന്റെ കവാടത്തിനും തൂണുകൾക്കും വിള്ളലുകളുണ്ടായെന്നും ടൈലുകൾ പൊട്ടി അടർന്ന് കിടക്കുകയാണെന്നും മുൻവശത്തെ മൂന്ന് തൂണുകളും വളഞ്ഞ് കെട്ടിടത്തിൽ നിന്ന് വേർപെട്ട് കിടക്കുകയാണെന്നുമുള്ള വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; | (സി) | ഗൗരവത്തോടെ കാണുന്നുണ്ട്. കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടു കൂടി സമയക്രമം പാലിച്ചു നടപ്പിലാക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം എസ്.പി.വി യ്ക്കാണ്. കോട്ടയം ജില്ലയിലെ അയ്മനത്ത് മിനി സ്റ്റേഡിയത്തിന്റെ നിർമാണ മേൽനോട്ട ചുമതല എസ്.പി.വി യായ കിറ്റ്കോയ്ക്കാണ്. ആങ്കർ ഇൻഫ്രാസ്ട്രക്ചർ ആണ് ഈ പ്രവർത്തിയുടെ കരാറുകാരൻ. 3 മീറ്ററോളം മണ്ണ് നികത്തലുള്ള സ്ഥലത്താണ് സ്റ്റേഡിയം നിർമ്മിച്ചത്. എസ്.പി.വി യുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള വീഴ്ചകൾക്ക് എസ്.പി.വി യ്ക്കെതിരെ നടപടികൾ എടുക്കുന്നതിന് മുന്നോടിയായി ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട് |
| (ഡി) | പ്രസ്തുത നിർമ്മാണത്തിൽ വ്യാപകമായ ക്രമക്കേട് നടന്നിട്ടുണ്ടോ എന്ന് അന്വേഷിക്കുവാൻ തയ്യാറാകുമോ എന്ന് അറിയിക്കുമോ ? | (ഡി) | 08/04/2022 ൽ കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് തുടർനടപടികൾക്കായി എസ്.പി.വി യായ കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ ശരിയായ മറുപടി സമർപ്പിക്കാത്തതിനാൽ 23/04/2022 ൽ നിർമ്മാണ പ്രവർത്തികൾ താൽക്കാലികമായി നിർത്തി വയ്ക്കാൻ കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ചു എന്ന് എസ്.പി.വി ഉറപ്പ് നൽകിയ ശേഷം മാത്രമേ നിർത്തിവെച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കിഫ്ബി അനുമതി നൽകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ